# 29. കൈക്കൂലി: ഓർത്തിരിക്കേണ്ട വസ്തുതകൾ

ആയിരത്തെഴുന്നൂറു കോടി രൂപ വിലയുള്ള പീരങ്കികൾ സ്വീഡനിലെ ബോഫോർസ് കമ്പനിയിൽനിന്നു വാങ്ങാൻ ഏതാനും വർഷം മുമ്പ് ഇന്ത്യാഗവൺമെൻറ് ആലോചന തുടങ്ങി. ഈ ഇടപാടിൽ ദല്ലാളിമാർ ഉണ്ടായിരിക്കരുതെന്നും സാധാരണ നിലയിൽ ദല്ലാളിമാർക്കു കൊടുക്കുന്ന കമ്മീഷൻകൂടി പീരങ്കികളുടെ വിലയിൽ കുറവുവരുത്തണമെന്നുമായിരുന്നു ഗവൺമെൻറിൻെറ നിർദേശം. ബോഫോർസ് കമ്പനി ഈ വ്യവസ്ഥ അംഗീകരിച്ചു.

എന്നിട്ടും ഈ ഇടപാടുമായി ബന്ധപ്പെടുത്തി പിററ്കോ, മോറെസ്സോ, മോയ്നിയാവോ എന്ന പേരിൽ അറിയപ്പെടുന്ന മൂന്നു സ്ഥാപനങ്ങൾക്ക് സ്വിററ്സർലൻഡിലെ ചില ബാങ്കുകളിലുള്ള രഹസ്യക്കണക്കുകളിൽ അറുപത്തിനാലു കോടി രൂപ ബോഫോർസ് കമ്പനി നിക്ഷേപിച്ചതായി തെളിഞ്ഞു. സ്വിസ് ബാങ്കുകൾ അവയിലെ ഇടപാടുകാരെപ്പററിയോ അവരുടെ നിക്ഷേപങ്ങളെപ്പററിയോ ഒരു വിവരവും വെളിപ്പെടുത്താറില്ല. അതിനാൽ ബോഫോർസ് കമ്പനി നിക്ഷേപിച്ച തുകകൾ ആർക്കു കിട്ടിയെന്നോ അവ നേടാൻ ഈ വ്യക്തികൾ കമ്പനിക്കുചെയ്ത സേവനം എന്തെന്നോ ഇനിയും വ്യക്തമായി അറിവായിട്ടില്ല

പിററ്കോ, മോറെസ്കോ, മോയ്നിയാവോ എന്നീ പേരുകളിൽ ശരിയായ കമ്പനികളൊന്നുമില്ല. മൂന്നും കള്ളക്കമ്പനികളാണ്. ഇവയിൽ പിററ്കോ കമ്പനിയുമായി 'ഹിന്ദുജം' എന്ന ഇന്ത്യൻ വ്യവസായികുടുംബത്തിനു ബന്ധമുണ്ടെന്നതിനു തെളിവുകൾ 'ഹിന്ദു' പത്രം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഹിന്ദുജാ കുടുംബം മുമ്പ് എം. പി. യായിരുന്ന അമിതാഭ്ബച്ചൻെറ, അനുജൻ അജിതാഭ്ബച്ചൻ, ദില്ലിയിൽ ബോഫോർസ് കമ്പനിയുടെ ഏജൻറായിരുന്ന വിൻഛഡ്ഡ എന്നിവരാണ് ബോഫോർസിൻെറ അറുപത്തിനാലു കോടി രൂപ വരുന്ന കോഴ (കിക്ക്ബാക്ക്) പങ്കിട്ടിട്ടുള്ളത് എന്ന ആരോപണം നിലനിൽക്കുന്നു.

ഈ കോഴയുമായി തനിക്കോ തൻെറ കുടുംബത്തിനോ യാതൊരു ബന്ധവുമില്ലെന്ന് പ്രധാനമന്ത്രി രാജീവ്ഗാന്ധി പ്രസ്താവിച്ചിട്ടുണ്ട്.

കോഴ ആർക്ക്, എന്തിനു നൽകി എന്ന് ബോഫോർസ് കമ്പനിയോട് ഇന്ത്യാഗവൺമെൻറിനു ചോദിച്ചുകൂടെ? അവർ സത്യം വെളിപ്പെടുത്തിയില്ലെങ്കിൽ ഇനിയും നിറവേററപ്പെട്ടുകഴിഞ്ഞിട്ടില്ലാത്ത പീരങ്കിക്കരാർ ഇന്ത്യാഗവൺമെൻറിനു റദ്ദാക്കിക്കൂടെ? ദല്ലാൾ ഉണ്ടാകരുതെന്ന വ്യവസ്ഥ ബോഫോർസ് ലംഘിച്ചതുതന്നെ കരാർ റദ്ദാക്കാൻ മതിയായ കാരണമല്ലേ?

ബോഫോർസ് കോഴ പാർലമെൻറിൽ ചർച്ചാവിഷയമായപ്പോൾ ഈ പ്രശ്നം പഠിച്ചു റിപ്പോർട്ട്ചെയ്യുന്നതിന് ഒരു ജോയിൻറ് പാർലമെൻററി കമ്മിററിയെ (ജെ. പി. സി.) പാർലമെൻറ് നിയമിച്ചു. ഈ കമ്മിററിയിൽ അംഗങ്ങളായിരിക്കാൻ പ്രതിപക്ഷകക്ഷികൾ വിസമ്മതിച്ചു. മുപ്പതു് അംഗങ്ങളുള്ള കമ്മിററിയിൽ 21 പേർ കോൺഗ്രസ് കക്ഷിയംഗങ്ങളായിരുന്നു. 404 പേജുള്ള ഒരു റിപ്പോർട്ട് ഈ കമ്മിററി ഏപ്രിൽ 26–ം തീയതി പാർലമെൻറിനു സമർപ്പിച്ചു. ഇന്ത്യയിൽ രജിസ്റ്റർ ചെയ്യാത്ത മൂന്നു കമ്പനികൾക്ക്, അവരുമായി മുമ്പു ചെയ്തിരുന്ന കരാറുകൾ അവസാനിപ്പിക്കുന്നതിനു പ്രതിഫലമായി 64 കോടി രൂപ ബോഫോർസ്കമ്പനി കൊടുത്തതായി ഈ റിപ്പോർട്ടിൽ പറയുന്നു. എങ്കിലും ബോഫോർസ് കമ്പനി നൽകിയ കോഴ ഇന്ത്യയിലെ ഒരു നിയമത്തെയും ലംഘിച്ചിട്ടില്ല; ഇന്ത്യാഗവൺമെൻറും ബോ

ഫോർസ് കമ്പനിയും തമ്മിൽ നടന്ന ഇടപാടിൽ ദല്ലാളിമാർ ഉണ്ടായിരുന്നതിനും തെളിവില്ല എന്നു കമ്മിററി അഭിപ്രായപ്പെടുന്നു.

കമ്മിററിയിൽ ഒരംഗമായിരുന്ന അല്ലാഡി അരുണ (എ. ഐ. എ. ഡി. എം. കെ. പാർട്ടിക്കാരനായ രാജ്യസഭാംഗം) പറയുന്നതു്, കമ്മിററിയുടെ റിപ്പോർട്ട് സത്യാവസ്ഥ മറച്ചുവെക്കുന്നു എന്നാണു്. ബോഫോർസ് കമ്പനിയിൽനിന്നു കോഴ വാങ്ങിയതു് ഇന്ത്യക്കാരോ അവരുടെ സഹായികളോ ആകാനേ തരമുള്ളു എന്നും അവരുടെ പേരുകൾ മറച്ചുവെക്കുന്നതിൽ ബോഫോർസ് കമ്പനിയുമായി ഇന്ത്യാഗവണ്മെൻറ് സഹകരിച്ചിരിക്കുകയാണെന്നും ഈ വസ്തുത തങ്ങളുടെ റിപ്പോർട്ടിൽ കമ്മിററി മൂടിവെച്ചിരിക്കുകയാണെന്നും അല്ലാഡി അരുണ കമ്മിററി റിപ്പോർട്ടിനു താൻ എഴുതിച്ചേർത്ത വിയോജനക്കുറിപ്പിൽ പറയുന്നു.

ജോയിൻറ് പാർലമെൻററി കമ്മിററിയുടെ റിപ്പോർട്ട് ഈ വിഷയത്തിൽ അവസാന വാക്കല്ല. അതു് ആരേയും തൃപ്തിപ്പെടുത്തിയിട്ടില്ല.

വ്യക്തമായ വസ്തുതകൾ ഇവയാണു്:

ബോഫോർസ് പീരങ്കി ഇടപാടിൽ ദല്ലാളികൾ ഉണ്ടായിരുന്നു.

ഇവർക്കു് അറുപത്തിനാലുകോടി രൂപയെങ്കിലും കോഴയായി ബോഫോർസ് കമ്പനി നൽകിയിട്ടുണ്ടു്.

ഈ ദല്ലാളിമാരെപ്പററി ഒട്ടേറെ വിവരങ്ങൾ ഇതിനകം പുറത്തുവന്നിട്ടുണ്ടു്.

പക്ഷേ, ഇവർ ആരെല്ലാമെന്നോ കോഴപ്പണം എങ്ങനെ വിനിയോഗിക്കപ്പെട്ടുവെന്നോ വെളിപ്പെടുത്തുന്നതിലല്ല മൂടിവെക്കുന്നതിലാണു് ഇന്ത്യാഗവണ്മെൻറിനു താല്പര്യം എന്നു സംശയിക്കത്തക്ക സാഹചര്യങ്ങളാണുള്ളതു്.

പ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ സൽകീർത്തിക്കു് ഇതുമൂലം വളരെയധികം മങ്ങലേററിരിക്കുന്നു. ഈ കോഴയെ സംബന്ധിച്ച യഥാർത്ഥ വിവരങ്ങൾ ഇന്ത്യാഗവണ്മെൻറ് വെളിപ്പെടുത്തുംവരെ രാജീവ്ഗാന്ധിക്കു് ഈ കോഴയുമായി ബന്ധമുണ്ടെന്ന ജനങ്ങളുടെ സംശയം നിലനിൽക്കുകയും ചെയ്യും.

(29 ഏപ്രിൽ, 1988)

# 30. ഹിന്ദുജാകുടുംബം

ഹിന്ദുജാകുടുംബത്തെപ്പററി സാധാരണ ഇന്ത്യക്കാർ ധാരാളമായി കേട്ടുതുടങ്ങിയതു് അടുത്തകാലത്തു മാത്രമാണു്. സ്വീഡനിലെ ബോഫോർസ് കമ്പനിയിൽനിന്നു് ആയിരത്തെഴുന്നൂറുകോടി രൂപ വിലയുള്ള പീരങ്കികൾ വാങ്ങാൻ ഇന്ത്യാഗവണ്മെൻറ് തീരുമാനിച്ചു. ഈ ഇടപാടിൽ ഇടനിലക്കാർ ഉണ്ടാവരുതു് എന്നതായിരുന്നു തുടക്കത്തിൽത്തന്നെ ഇന്ത്യാഗവണ്മെൻറ് ഉന്നയിച്ച വ്യവസ്ഥ. എന്നിട്ടും ഇന്ത്യാഗവണ്മെൻറിനു പീരങ്കിവില്ക്കാൻ തങ്ങളെ സഹായിച്ചതിനു് ആർക്കൊക്കെയോ വൻതുകകൾ ബോഫോർസ് കമ്പനി രഹസ്യമായി കോഴ കൊടുത്ത വിവരം സ്വീഡിഷ് റേഡിയോ പുറത്തു കൊണ്ടുവന്നു. കോഴയിനത്തിൽ അറുപത്തിനാലുകോടി രൂപ സ്വിററ്സർലൻഡിലെ ചില ബാങ്കുകളിൽ, പിററ്കോ, മോറെസ്കോ, മോയ്നിയാവോ എന്നീ പേരുകളുള്ള കമ്പനികളുടെ കണക്കുകളിലാണു് നിക്ഷേപിക്കപ്പെട്ടതു്. ഇവയിൽ പിററ്കോ എന്ന കമ്പനിയുമായി ഹിന്ദുജാകുടുംബത്തിനു ബന്ധമുണ്ടെന്ന വസ്തുത 1988 ഏപ്രിലിൽ 'ഹിന്ദു' പത്രം അന്വേഷണം നടത്തി കണ്ടെത്തി. മററു രണ്ടു കമ്പനികളും, അവ യഥാർത്ഥത്തിൽ ഉള്ളവയെങ്കിൽ ഹിന്ദുജകളുടേതു